ഡോക്ടർമാരുടെ അശ്രദ്ധമൂലമുള്ള രോഗികളുടെ മരണം

22 (*307) ശ്രീ. പി. രാജു :
ശ്രീ. യു. എസ്. ശശി :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ അശ്രദ്ധമൂലം രോഗികൾ മരിക്കാനിടയായ എത്ര സംഭവങ്ങൾ സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) ഇത്തരം സംഭവങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഡോക്ടർമാരുടെ അശ്രദ്ധമൂലം രോഗികൾ മരിക്കാനിടയായ 191 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സംഭവങ്ങളിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരോ ജില്ലാ മെഡിക്കൽ ഓഫീസർ, വിജിലൻസ് അഡീഷണൽ ഡയറക്ടർ തുടങ്ങിയവരോ മുഖാന്തിരം അന്വേഷണം നടത്തുകയും പ്രഥമദൃഷ്ട്യാ തെളിവുണ്ടായ സാഹചര്യത്തിൽ അന്വേഷണ വിധേയമായി ഡോക്ടർമാരെ സസ്പെന്റ് ചെയ്യുകയും കുറ്റക്കാരെന്ന് തെളിഞ്ഞ സാഹചര്യത്തിൽ യഥോചിത ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട കർശന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടാതെ വകുപ്പ് മേധാവികളും യൂണിറ്റ് മേധാവികളും ഈ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നുണ്ട്.

ഉൾനാടൻ ജലപാതകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

23(*308) ശ്രീ. പി. വിശ്വൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നടന്നുവരുന്ന ഉൾനാടൻ ജലപാതകളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ നാളിതുവരെ ഈ മേഖലയിലെ പ്രവർത്തനത്തിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് നടന്നുവരുന്ന ഉൾനാടൻ ജലപാതകളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവും എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ പുനഃരുദ്ധാരണ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഒരു സംസ്ഥാനതല സമിതിയെ നിയോഗിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഉൾനാടൻ ജലപാതകളുടെ വികസനപുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) മൂന്ന് ദേശീയജലപാതകളിൽ ഒന്നായ ആലുവയിലെ കോട്ടപ്പുറം-കൊല്ലം ജലപാതയുടെ വികസനത്തോടെ സംസ്ഥാനത്തിന് വൻനേട്ടം കൈവരിക്കാനാവുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത ജലപാതയുടെ വികസനപുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പശ്ചിമതീര കനാലിലെ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ട കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ഭാഗത്ത് വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ അഞ്ച് ജില്ലകളിലായി 11 ഉൾനാടൻ ജലഗതാഗത ടെർമിനലുകൾ നിർമ്മിക്കുന്നതിനും ദേശീയ ജലപാതയുടെ ഇടുങ്ങിയ ഭാഗങ്ങൾ വികസിപ്പിക്കുന്നതിനുമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായിവരികയാണ്. ഉൾനാടൻ ജലഗതാഗത ടെർമിനിലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി 6.87 കോടി രൂപയും ദേശീയ ജലപാതയുടെ ഇടുങ്ങിയ ഭാഗങ്ങൾ വികസിപ്പിക്കാനായി ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 9.82 കോടി രൂപയും ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. ഉൾനാടൻ ജലഗതാഗത ടെർമിനലുകളുടെ നിർമ്മാണം 14.84 കോടി രൂപയുടെ എസ്റ്റിമേറ്റിലാണ് നടത്തുന്നത്. കൂടാതെ 10 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡ്രഡ്ജിംഗ് ജോലികളും നടത്തിവരുന്നു. കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന 379 ബോട്ടുജെട്ടികളുടെ പദ്ധതിയിൽപ്പെട്ട 285 ജെട്ടികളുടെ നിർമ്മാണവും, 55 ബോട്ടുജെട്ടികളുടെ പദ്ധതിയിൽപ്പെട്ട 54 ജെട്ടികളുടെ നിർമ്മാണവും പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ റ്റി.എസ്. കനാലിന്റെ ഭാഗമായ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം വികസിപ്പിക്കുന്നതിനായി 36 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

സുൽത്താൻ കനാലിന്റെ ജലഗതാഗതം സുഗമമാക്കുന്നതിനാവശ്യമായ ഡ്രെഡ്ജിംഗ് ജോലികൾ, പാർശ്വഭിത്തി നിർമ്മാണം, ബോട്ടുജെട്ടികളുടേയും, പാലങ്ങളുടേയും നിർമ്മാണം, ഗതാഗതത്തിനാവശ്യമായ ലാമ്പ് പോസ്റ്റുകളുടെ നിർമ്മാണം എന്നീ ജോലികൾ 13 കോടി രൂപ ചെലവിൽ പൂർത്തിയായിട്ടുണ്ട്.

ഇതിനുപുറമേ കൊല്ലം കനാലിന്റെ 1210 മീറ്റർ നീളത്തിൽ ചെയിൻ ലിങ്ക് ഫെൻസിംഗ്, കനാലുകളുടെ കുറുകെയുള്ള നാല് നടപ്പാതകളുടെ നിർമ്മാണം 850 മീറ്റർ കനാലുകളുടെ ആഴംകൂട്ടൽ, ദേശീയ ജലപാതയിലെ സുഗമമായ ജലഗതാഗതത്തിന് തൃക്കുന്നപ്പുഴ, തണ്ണീർമുക്കം എന്നീ ലോക്കുകളുടെ റിപ്പയർ/മാറ്റിവയ്ക്കൽ പണികൾ, ചാനൽ മാർക്കിംഗ് എന്നിവയും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

കൊറ്റി-കോട്ടപ്പുറം ജലപാതയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 50 ശതമാനം കേന്ദ്രാവിഷ്ക്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 321.21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ നടത്തിവരികയാണ്, ഈ പണികൾ 31-03-2001-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൂടാതെ കൊല്ലവും കണ്ണൂരും കേന്ദ്രമായി രണ്ട് ഇൻലാൻഡ് നാവിഗേഷൻ ഡിവിഷനുകളും തിരുവനന്തപുരം, വർക്കല, കൊല്ലം, കണ്ണൂർ, കാസർഗോഡ് എന്നിവടങ്ങളിൽ സബ് ഡിവിഷനുകളും ആരംഭിച്ചിട്ടുണ്ട്. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഒരു മേഖലാ ആഫീസ് കണ്ണൂരിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പ്രധാന പദ്ധതികൾ 2002 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉൾനാടൻ ജലഗതാഗതമേഖലയുമായും, തീരദേശ കപ്പൽ ഗതാഗതമേഖലയുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ എന്റെ കീഴിൽ കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് രൂപീകരിക്കുകയും ഈ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു ഉന്നതതലസമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ദേശീയ ജലപാതയുടെ വികസനത്തിന്റെ ഭാഗമായി ടെർമിനലുകൾ നിർമ്മിക്കുന്നതിനും, ഇടുങ്ങിയ ഭാഗങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് 16.69 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ 379 ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപയും 55 ബോട്ടുജെട്ടികളുടെ നിർമ്മാണത്തിന് 51.45 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ&എഫ്) പശ്ചിമതീര കനാലിന്റേയും തിരുവനന്തപുരം-ഷൊർണ്ണൂർ കനാലിന്റേയും ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മി ഭാഗവും, ഉപകനാലുകളായ 23 കി.മീ ദൂരം വരുന്ന ഉദ്യോഗമണ്ഡൽ കനാലും 14 കി.മീ ദൈർഘ്യമുള്ള ചമ്പക്കര കനാലുമാണ് മൂന്നാം ദേശീയ ജലപാത യായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ ജലപാതയുടെ വികസനപ്രവർത്തനങ്ങളും മരാമത്ത് പണികളും കേന്ദ്രസർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായ ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇൻഡ്യയുടെ മേൽനോട്ടത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു.

സർക്കാരിന്റെ പരിപാടികളും പ്രചാരണങ്ങളും ദൃശ്യ മാധ്യമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള പദ്ധതി

24(*309) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പരിപാടികളും പ്രചാരണങ്ങളും ദൃശ്യ മാധ്യമങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സർക്കാരിന്റെ പരിപാടികളും പ്രചാരണങ്ങളും ദൃശ്യ മാധ്യമങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാനുള്ള പദ്ധതിയുടെ നടത്തിപ്പിൽ സ്പോൺസർഷിപ്പുകൾ വഴി വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സർക്കാർ പരിപാടികളും പ്രചാരണങ്ങളും മാധ്യമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ സി-ഡിറ്റിന്റെ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ സഹായസഹകരണങ്ങൾ ലക്ഷ്യമിടുന്നു എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സർക്കാരിന്റെ ജനക്ഷേമ പരിപാടികളെക്കുറിച്ചും പ്രാദേശിക വികസന പ്രവർത്തനങ്ങളെക്കുറിച്ചും കാസറ്റുകൾ പുറത്തിറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly